11
2025
ഫെബ്രുവരി
ചൊവ്വ
മകരം 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391





തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.72 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-72 പേജ് 4. വില 2.00 രൂപ

02 പാതിവില തട്ടിപ്പ്: പണംവാങ്ങിയിട്ടില്ലെന്ന് മാത്യു കുഴൽനാടൻ
03 ഓപ്പറേഷൻ സൗന്ദര്യ മൂന്നാം ഘട്ടം: 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു
04 'പൊതുവഴികളും നടപ്പാതകളും പ്രതിഷേധത്തിനുള്ളതല്ല': ഹൈക്കോടതി

# പൊഴിയൂർ, വിഴിഞ്ഞത്തിനുശേഷം ഏറ്റവും വലിയ രണ്ടാമത്തെ പദ്ധതി

## പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണോദ്ഘാടനം മന്ത്രി നിർവഹിച്ചു



തിരുവനന്തപുരം: പൊഴിയൂർ മത്സ്യബന്ധന തുറമുഖം, വിഴിഞ്ഞത്തിനു ശേഷമുള്ള കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പദ്ധതിയാണെന്നും ഇതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ ആശങ്കകളും പരിഹരിക്കുമെന്നും ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊഴിയൂർ നിവാസികൾ ദീർഘകാലമായി ആവശ്യപ്പെടുന്ന പ്രശ്നത്തിന് പരിഹരമാണ് മത്സ്യബന്ധന തുറമുഖം. 25,000 മത്സ്യത്തൊഴിലാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. 343 കോടി രൂപയുടെ പദ്ധതിയിൽ 200 കോടിയുടെ കേന്ദ്ര അനുമതി ലഭിക്കാനുണ്ട്. കേന്ദ്രത്തിന്റെ അനുമതി ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ പരിശ്രമങ്ങളും നടത്തും. പദ്ധതിക്കായുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതം മാറ്റിവയ്ക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

മുതലപ്പൊഴിയിൽ 180 കോടിയുടെ പദ്ധതിക്ക് അംഗീകാരം നൽകി. നെയ്യാറ്റിൻകര മണ്ഡലത്തിൽ 13 കോടിയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഏഴ് റോഡുകൾ പൂർത്തിയാക്കി. 4 കോടി 43 ലക്ഷം രൂപ ഫിഷറീസ് വകുപ്പിൽ നിന്ന് നൽകി. മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ച, 400 ഫ്ലാറ്റുകളുള്ള കേരളത്തിലെ ഏറ്റവും വലിയ ഫ്ലാറ്റ് സമുച്ചയം വലിയതുറയിൽ ഉടൻ ഉദ്ഘാടനം ചെയ്യും. മത്സ്യമേഖലയ്ക്ക് ഈ വർഷത്തെ ബജറ്റിൽ 55 കോടി അധികം അനുവദിച്ചിട്ടുണ്ട്. തീരദേശത്തെ കടലാക്രമണം തടയാൻ പദ്ധതികൾ നടപ്പിലാക്കുമെന്നും മന്ത്രി സജി ചെറിയാൻ പറഞ്ഞു.

കെ ആൻസലൻ എംഎൽഎ അധ്യക്ഷത വഹിച്ചു. പ്രകൃതിയിൽ ഉൾപ്പെടെയുള്ള മാറ്റങ്ങൾ വിലയിരുത്തി, എല്ലാ പഠനങ്ങളും പൂർത്തീകരിച്ചാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, ചീഫ് എൻജിനീയർ മുഹമ്മദ് അൻസാരി എം എ, പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് കെ ബെൻഡാർവിൻ തുടങ്ങിയവർ പങ്കെടുത്തു.

# പൂന്തുറയിൽ നടത്തിവരുന്ന ജിയോ ട്യൂബ് നിക്ഷേപിക്കുന്നതിന്റെ മൂന്നാം ഘട്ട നടപടി തുടങ്ങി



വിഴിഞ്ഞം: തീര സുരക്ഷക്ക് പൂന്തുറയിൽ നടത്തിവരുന്ന ജിയോ ട്യൂബ് നിക്ഷേപിക്കുന്നതിന്റെ മൂന്നാം ഘട്ട നടപടി തുടങ്ങി. ഇതിനായുള്ള ബാർജ് വിഴിഞ്ഞം തുറമുഖത്തടുത്തു. മഹാരാഷ്ട്രയിൽ നിന്ന് ഇന്നലെ ഉച്ചയോടെ എത്തിയ എം.വി. ജൽ കമൽ എന്ന ബാർജ് തുറമുഖ വകുപ്പ് അധികൃതരുടെ നടപടികൾക്ക് ശേഷം പഴയ വാർഫിൽ നങ്കൂരമിട്ടു. തമിഴ്നാട് ഝാർഖണ്ഡ്,ബീഹാർ എന്നിവിടങ്ങളിൽ നിന്നുള്ള ഏഴ് ജീവനക്കാരുമായാണ് ബാർജിന്റെ വരവ്. ഇന്ന് വൈകുന്നേരത്തോടെ വലിയ തുറയിലേക്ക് തിരിക്കും. കോസ്റ്റൽ ഏര്യാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് മൂന്നാം ഘട്ട ജിയോ ട്യൂബ് നിക്ഷേപിക്കൽ നടക്കുന്നത്. ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും ഉദ്ദേശിച്ച ഫലം നൽകിയെന്നാണ് അധികൃതർ പറയുന്നത്. വരുന്ന മൺസൂൺ കാലത്തിനുള്ളിൽ മൂന്നാം ഘട്ടവും പൂർത്തിയാക്കുകയാണ് ലക്ഷ്യം. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന റോയൽ വേവ് ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക് കമ്പനിയാണ് ബാർജിനെ ഇവിടെ എത്തിച്ചത്.

# വിഴിഞ്ഞം 2028ൽ പൂർത്തിയാകും; സർക്കാർ ഇതുവരെ ചെലവാക്കിയത് 2,159 കോടി രൂപ

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഇതുവരെയും ചെലവാക്കിയത് 2,159 കോടി രൂപയെന്ന് മന്ത്രി വി എൻ വാസവൻ. വയബിലിറ്റി ഗ്യാപ് ഫണ്ട് (വിജെഎഫ്) കേന്ദ്രം നൽകാത്തതിനാൽ ഈ തുക നബാർഡിൽ നിന്ന് വായ്പയായി ലഭ്യമാക്കും. വിജിഎഫിന്റെ കാര്യത്തിൽ കേന്ദ്രം നിലപാട് മാറ്റുമെന്നാണ് പ്രതീക്ഷ. വിജിഎഫ് കേരളത്തിന്റെ അവകാശമാണ്, ഔദാര്യമല്ലെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു.

2028ൽ വിഴിഞ്ഞം പൂർണതോതിൽ പ്രവർത്തനക്ഷമമാകും. കമ്മിഷൻ ചെയ്യാനായി കാത്തിരിക്കുകയാണ്. ആദ്യഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. നാലാം ഘട്ടമാകുന്നതോടെ ഇത് 30 ലക്ഷമാകും. റെയിൽ, റോഡ് കണക്ടിവിറ്റി പൂർത്തിയാകാനുണ്ട്. റെയിൽ കണക്ടിവിറ്റിക്കായുള്ള കൊങ്കൺ റെയിൽവേയുടെ ഡിപിആർ കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. രണ്ട്, മൂന്ന്, നാല് ഘട്ടങ്ങൾക്ക് കേന്ദ്രത്തിന്റെ പരിസ്ഥിതി അനുമതി കാത്തിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ട്രയൽ റൺ തുടങ്ങി ആറ് മാസത്തിനുള്ളിൽ മൂന്നു ലക്ഷം ടിഇയു ചരക്ക് കൈകാര്യം ചെയ്ത് വിഴിഞ്ഞം ചരിത്രം കുറിച്ചിരുന്നു. ഇതുവരെ വിഴിഞ്ഞത്ത് 163 കപ്പലുകൾ വന്നുപോയി. ഇതിൽ ലോകത്തിലെ ഏറ്റവും വലതെന്നു വിശേഷിപ്പിക്കാവുന്ന അഞ്ചു ചരക്കു കപ്പലുകളും ഉൾപ്പെടും. ജനുവരിയിൽ മാത്രം 45 കപ്പലുകളാണ് വിഴിഞ്ഞത്ത് എത്തിയത്. 85000 ടിഇയു കണ്ടെയ്നർ നീക്കമാണ് കഴിഞ്ഞ മാസം മാത്രം നടത്തിയത്. ഇതൊരു തുടക്കം മാത്രമാണ്.

വിഴിഞ്ഞം തുറമുഖ സാധ്യത പ്രയോജനപ്പെടുത്താനുള്ള പദ്ധതികളും 100 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും അടക്കം കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വികസന മുന്നേറ്റത്തിനായി കേരള ബജറ്റിൽ വിഴിഞ്ഞംകൊല്ലംപുനലൂർ വികസന ത്രികോണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. സിംഗപ്പൂർ, റോട്ടർ ഡാം, ദുബായ് തുറമുഖ മാതൃകയിൽ വിഴിഞ്ഞത്തെ കയറ്റുമതി, ഇറക്കുമതി തുറമുഖമാക്കുകയാണ് ലക്ഷ്യം.

അതേസമയം കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതികളൊന്നും ധനമന്ത്രി നിർമലാ സീതാരാമൻ കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ചില്ല. രാജ്യത്തെ ഏറ്റവും പ്രധാന തുറമുഖമായി മാറുന്ന വിഴിഞ്ഞത്തിനായി 5,000 കോടിയുടെ പ്രത്യേക പാക്കേജാണ് കേരളം ആവശ്യപ്പെട്ടത്.

# സ്വകാര്യ സർവകലാശാല ബില്ലിന് അംഗീകാരം

തിരുവനന്തപുരം: സ്വകാര്യ സർവകലാശാല ബില്ലിന് മന്ത്രിസഭാ യോഗം അനുമതി നൽകി. സിപിഐയുടെ എതിർപ്പിനെ തുടർന്ന് വിസിറ്റർ തസ്തിക ഒഴിവാക്കിക്കൊണ്ടാണ് കരട് ബില്ലിന് അനുമതി നൽകിയത്.

ഫീസിലും വിദ്യാർഥി പ്രവേശനത്തിലും സർക്കാരിന് നിയന്ത്രണമില്ലാതെയാണ് സ്വകാര്യ സർവകലാശാല കരട് ബിൽ തയാറാക്കിയത്. സർവകലാശാലകളുടെ ഭരണപരമായ കാര്യങ്ങളിൽ സർക്കാരിന് അധികാരങ്ങൾ ഉണ്ടാകും.

നിയമം ലംഘിച്ചാൽ ആറ് മാസം മുമ്പ് നോട്ടീസ് നൽകി സർവകലാശാല പിരിച്ചുവിടാൻ സർക്കാരിന് അധികാരമുണ്ടാകും. സർവകലാശാല തുടങ്ങുന്നതിന് നിശ്ചയിച്ച വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ അനുമതി പത്രം സർക്കാറിന് പിൻവലിക്കാം.

ഓരോ കോഴ്സിനും ചുരുങ്ങിയത് 15 ശതമാനം സീറ്റ് എസ്സി വിഭാഗത്തിനും അഞ്ച് ശതമാനം എസ്ടി വിഭാഗത്തിനും സംവരണം ചെയ്യണം. എന്ന നിർദ്ദേശത്തോടെയാണ് ബില്ലിന് മന്ത്രിസഭ അനുമതി നൽകിയിരിക്കുന്നത്.

സർവകലാശാലയുടെ ഗവേണിംഗ് കൗൺസിലിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സർക്കാർ നാമനിർദേശം ചെയ്യുന്ന പ്രഗത്ഭ വിദ്യാഭ്യാസ വിചക്ഷണൻ എന്നിവർ അംഗങ്ങൾ ആകും.

അക്കാദമിക് കൗൺസിലിൽ സർക്കാർ നാമനിർദേശം ചെയ്യുന്ന അസോസിയേറ്റ് പ്രഫസർ പദവിയിൽ താഴെയല്ലാത്ത മൂന്ന് പേർ അംഗങ്ങളായിരിക്കണം. നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കുമെന്നാണ് സൂചന.

# മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ കെപിസിസി കാൽനട പ്രക്ഷോഭയാത്ര നടത്തും: കെ.സുധാകരൻ എംപി

തിരുവനന്തപുരം : കടൽ മണൽ ഖനനം അനുവദിക്കില്ല കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മത്സ്യത്തൊഴിലാളികൾക്കെതിരെ നടത്തുന്ന ദ്രോഹ നടപടികൾക്കെതിരെയും മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും മത്സ്യത്തൊഴിലാളി കോൺഗ്രസിനെ ഉൾപ്പെടുത്തി കെപിസിസി കാൽനട പ്രക്ഷോഭയാത്ര നടത്തുമെന്നും കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി. ബ്ലൂ സാമ്പത്തിക നയത്തിന്റെ പേരു പറഞ്ഞ് കടൽ മണൽ ഖനനത്തിന് കേന്ദ്ര സർക്കാർ ഇറക്കിയ വിജ്ഞാപനം മത്സ്യമേഖലയുടെ മരണമണിയാണ്. മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗം ഇല്ലാതാക്കുന്നതും കടലിന്റെ ആവാസവ്യവസ്ഥ തകർക്കുന്നതുമായ കടൽ മണൽ ഖനനത്തിന് ഒരു സ്ഥാപനങ്ങളെയും കേരളത്തിൽ കാലുകുത്താൻ അനുവദിക്കില്ല. സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുകയാണ്.

തീരദേശമേഖലയ്ക്ക് പ്രത്യേക പാക്കേജിന് 6000 കോടി പ്രഖ്യാപിച്ചിട്ട് ഒന്നര വർഷമായി.നാളിതുവരെ ഒരു രൂപപോലും ചെലവാക്കിയില്ല. പുതിയ ബജറ്റിലും നിരാശമാത്രമാണ്. കടൽക്ഷോഭ മേഖലയിൽ ശാസ്ത്രീയമായ കടൽഭിത്തി നിർമ്മാണം നടക്കുന്നില്ല. മത്സ്യബന്ധനത്തിനുള്ള സബ്സിഡി മണ്ണെണ്ണ ആവശ്യത്തിന് വിതരണം ചെയ്യുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് അർഹമായ പട്ടയം വിതരണം ചെയ്യുന്നില്ലെന്നും കെ.സുധാകരൻ പറഞ്ഞു.

## കൊല്ലം കോർപറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് രാജിവച്ചു

കൊല്ലം: അസ്വാരസ്യങ്ങൾക്കൊടുവിൽ കൊല്ലം കോർപറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് രാജിവച്ചു. അവസാന ഒരു വർഷം മേയർ സ്ഥാനം സിപിഐക്ക് നൽകും. കാലാവധി കഴിഞ്ഞിട്ടും പ്രസന്ന ഏണസ്റ്റ് മേയർ സ്ഥാനം ഒഴിയാത്തതിൽ സിപിഐ പ്രതിഷേധത്തിലായിരുന്നു. പ്രതിഷേധത്തിന്റെ ഭാഗമായി ഡെപ്യൂട്ടി മേയർ കൊല്ലം മധു, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സബിത ദേവി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സജീവ് സോമൻ എന്നിവർ രാജിവച്ചിരുന്നു.



## പാതിവില തട്ടിപ്പ്: അനന്തുവിൽ നിന്ന് പണംവാങ്ങിയിട്ടില്ലെന്ന് മാത്യു കുഴൽനാടൻ

തിരുവനന്തപുരം: പാതിവില തട്ടിപ്പ് കേസ് പ്രതി അനന്തുകൃഷ്ണനിൽനിന്ന് പണംവാങ്ങിയെന്ന ആരോപണം നിഷേധിച്ച് മൂവാറ്റുപുഴ എംഎൽഎ മാത്യു കുഴൽനാടൻ. താൻ പണം വാങ്ങിയെന്നൊരു മൊഴി അനന്തു നൽകിയിട്ടില്ലെന്ന് ഉത്തരവാദപ്പെട്ടയിടങ്ങളിൽനിന്ന് വിവരംലഭിച്ചിട്ടുണ്ടെന്നും കുഴൽനാടൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. താൻ ഏഴുലക്ഷം രൂപ വാങ്ങിച്ചെന്ന് തെളിയിക്കേണ്ട. സാധാരണക്കാരന്, സാമാന്യജനത്തിന് പ്രഥമദൃഷ്ട്യാ സംശയംതോന്നുന്ന സാഹചര്യങ്ങൾ എങ്കിലും ഉണ്ടെന്ന് തെളിയിച്ചാൽ പൊതുപ്രവർത്തനം അവസാനിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഒരു സ്വകാര്യ ചാനലാണ് ഈ വാർത്ത കൊണ്ടുവന്നത്. അത് തെളിയിക്കാൻ ആ ചാനലിനെ മാത്യു കുഴൽനാടൻ വെല്ലുവിളിക്കുകയും ചെയ്തു.

## മദ്യപിച്ച് ഔദ്യോഗിക വാഹനം ഓടിച്ചു; ഡിവൈഎസ്പിക്കെതിരെ വകുപ്പ്തല അന്വേഷണം

ആലപ്പുഴ: മദ്യപിച്ച് അപകടകരമായി ഔദ്യോഗിക വാഹനം ഓടിച്ച സംഭവത്തിൽ അറസ്റ്റിലായ ഡിവൈഎസ്പിക്കെതിരെ വകുപ്പ്തല അന്വേഷണം. ഞായറാഴ്ച രാത്രിയാണ് മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിൽ ഡിവൈഎസ്പിയെ അറസ്റ്റ് ചെയ്തത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡിവൈഎസ്പി അനിലിനെയാണ് അറസ്റ്റ് ചെയ്തത്. ഇയാളെ പിന്നീട് ജാമ്യത്തിൽ വിട്ടു. മദ്യപിച്ച് അപകടകരമായി വാഹനം ഓടിച്ചതിനാണ് ഇയാൾക്കെതിരെ കേസെടുത്തത്.

എന്നാൽ ഔദ്യോഗിക ആവശ്യത്തിനാണ് വാഹനം ഉപയോഗിച്ചതെന്നാണ് ഡിവൈഎസ്പിയുടെ മൊഴി. ഞായറാഴ്ച രാത്രി ചന്തിരൂരിൽ വെച്ചാണ് അരൂർ പോലീസ് ഡിവൈഎസ്പിയെ കസ്റ്റഡിയിൽ എടുത്തത്.

## അർത്തുങ്കലിൽ ബാർ അടിച്ചുതകർത്ത് ഗുണ്ടാസംഘം

ആലപ്പുഴ: അർത്തുങ്കലിൽ ഗുണ്ടാസംഘം ബാർ അടിച്ചുതകർത്തു. ചള്ളിയിൽക്കാട്ട് ബാറിന് നേരെയാണ് ആക്രമണമുണ്ടായത്. വടിവാളുമായി എത്തിയ മൂന്നംഗ സംഘം ബാറിലേക്ക് കയറി മദ്യക്കുപ്പികളടക്കം അടിച്ചുതകർക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ഞായറാഴ്ച രാത്രിയാണ് സംഭവം. ബൈക്കിലെത്തിയ മൂന്നംഗം സംഘം മാസ്ക് ധരിച്ചാണ് ബാറിലേക്ക് കയറിയത്. വടിവാള് കാണിച്ച് ഭീഷണിപ്പെടുത്തിയതോടെ ബാറിലുണ്ടായിരുന്നവരും ജീവനക്കാരും പുറത്തേക്ക് ഓടി.

പിന്നാലെ ബാറിലെ മേശയും കസേരയും മദ്യകുപ്പികളുമെല്ലാം അടിച്ചുതകർത്തു. ഇതിനിടയിൽ ഗുണ്ടാസംഘത്തിലെ ഒരാൾ ബാറിൽ നിന്ന് വിലകൂടിയ മദ്യക്കുപ്പികളും എടുത്തുകൊണ്ടുപോയി. ബാറിന്റെ കൂറ്റൻ എൽഇഡി ബോർഡ് റോഡിലേക്ക് മറിച്ചിട്ട് ഗതാഗതം തടസപ്പെടുത്തിയശേഷമാണ് പ്രതികൾ സ്ഥലത്ത് നിന്ന് പോയത്.

സംഭവത്തിൽ ഒരാളെ കസ്റ്റഡിയിലെടുത്തു. വിഷ്ണു എന്നയാളാണ് കസ്റ്റഡിയിലായത്. മറ്റ് രണ്ട് രണ്ടുപേർക്കായി അന്വേഷണം ആരംഭിച്ചിട്ടുണ്ടെന്നും പോലീസ് പറഞ്ഞു.

## കൊടുങ്ങല്ലൂരിൽ ലഹരിക്കടിമയായ മകൻ അമ്മയുടെ കഴുത്തറുത്തു; പ്രതി പിടിയിൽ

തൃശൂർ: കൊടുങ്ങല്ലൂരിലെ അഴീക്കോട്ട് മകൻ അമ്മയുടെ കഴുത്തറുത്തു. ഊമംതറ ജലീലിന്റെ ഭാര്യ സീനത്തിനാണ് അതിഗുരുതരമായി പരിക്കേറ്റത്. പ്രതി മുഹമ്മദിനെ(24) പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ഞായറാഴ്ച രാത്രിയാണ് സംഭവം. ലഹരിക്ക് അടിമയായ മുഹമ്മദ് സീനത്തിനെ ആക്രമിക്കുകയായിരുന്നു. മൂന്ന് വർഷം മുമ്പ് ഇയാൾ പിതാവ് ജലീലിനെയും ആക്രമിച്ചിരുന്നെന്നാണ് വിവരം.

## ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മന്റ്: പ്രവേശന തീയതി ദീർഘിപ്പിച്ചു

സ്കോൾ കേരള ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ് കോഴ്സ് ഒന്നാം ബാച്ചിലേക്കുള്ള (2025) പ്രവേശന തീയതി ദീർഘിപ്പിച്ചു. പിഴയില്ലാതെ ഫെബ്രുവരി 20 വരെയും 100 രൂപ പിഴയോടുകൂടി ഫെബ്രുവരി 25 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗനിർദ്ദേശങ്ങൾക്ക് ംംം.രെീഹലസലൃമഹമ.ീൃഴ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഓൺലൈനായി ഇതിനകം രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം സംസ്ഥാന / ജില്ലാ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗമോ എത്തിക്കണം. അന്വേഷണങ്ങൾക്ക് സംസ്ഥാന, ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## തിരുവനന്തപുരത്ത് ഓട്ടോറിക്ഷാ ഡ്രൈവറെ കായലിൽ മരിച്ച നിലയിൽ കണ്ടെത്തി

തിരുവനന്തപുരം: ഓട്ടോറിക്ഷ ഡ്രൈവറെ വെള്ളായണി കായലിൽ മുങ്ങി മരിച്ച നിലയിൽ കണ്ടെത്തി. കല്ലിയൂർ ഐരാൽ രാധാലയത്തിൽ ദിലീപ് കുമാർ (54) ആണ് മരിച്ചത്.

ഇന്ന് രാവിലെ ഒൻപതോടെ കായലിന്റെ കാക്കമൂല കുളങ്ങര ക്ഷേത്രത്തിനു സമീപത്തെ കടവിലാണ് ചെളിയിൽ പുതഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയത്.

രാവിലെ ഓട്ടോയുമായി വീട്ടിൽ നിന്നിറങ്ങിയ ദിലീപ്കുമാറിനെ കാണാതായതോടെ നടത്തിയ തെരച്ചിലിൽ കുളങ്ങര ഭാഗത്ത് നിന്ന് ഓട്ടോ കണ്ടെത്തി. പിന്നീട് വിഴിഞ്ഞത്ത് നിന്നുമെത്തിയ അഗ്നിരക്ഷാസേന കായലിലിറങ്ങി ഭാര്യ: പ്രിയ. മക്കൾ: ദീപക്ക്, ദീപ്തി. നേമം പോലിസ് കേസെടുത്ത് തുടർ നടപടികൾ സ്വീകരിച്ചു.

## സിനിമ, സീരിയൽ നടൻ അജിത് വിജയൻ അന്തരിച്ചു

കൊച്ചി: സിനിമ, സീരിയൽ നടൻ അജിത് വിജയൻ (57) അന്തരിച്ചു. വിഖ്യാത കഥകളി നടൻ കലാമണ്ഡലം കൃഷ്ണൻ നായർ, പ്രശസ്ത മോഹിനിയാട്ടം കലാകാരി കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ എന്നിവരുടെ ചെറുമകനാണ്. പരേതനായ സി കെ വിജയൻ, മോഹിനിയാട്ട ഗുരു കല വിജയൻ എന്നിവരുടെ മകനുമാണ്.

ഭാര്യ ധന്യ, മക്കൾ ഗായത്രി, ഗൗരി. പരേതനായ പ്രശസ്ത നടൻ കലാശാല ബാബു ഇദ്ദേഹത്തിന്റെ അമ്മാവനാണ്. ഒരു ഇന്ത്യൻ പ്രണയകഥ, അമർ അക്ബർ അന്തോണി, ബാംഗ്ലൂർ ഡേയ്സ് എന്നിങ്ങനെ നിരവധി സിനിമകളിലും ടെലിവിഷൻ പരമ്പരകളിലും അഭിനയിച്ചിട്ടുണ്ട്.

## ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു

നെടുമങ്ങാട് മഞ്ച സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ അടുത്ത അക്കാദമിക വർഷത്തേക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു. പൊതുവിദ്യാഭ്യാസത്തോടൊപ്പം ഫിറ്റിങ്, വെൽഡിങ്, ഇലക്ട്രിക്കൽ വയറിങ് മെയിന്റനൻസ് ഓഫ് ഡൊമസ്റ്റിക് അപ്ലയൻസസ്, മെയിന്റനൻസ് ഓഫ് ടു ആൻഡ് ത്രീ വീലർ, ടേണിങ് ആൻഡ് ഇലക്ട്രോ പ്ലേറ്റിങ് സ്പെഷ്യലിസ്റ്റ് ട്രേഡുകളിൽ സാങ്കേതിക പരിജ്ഞാനത്തിന് അവസരം ലഭിക്കും. എട്ടാം ക്ലാസിൽ അനുവദിച്ചിട്ടുള്ള 90 സീറ്റുകളിലേക്കാണ് പ്രവേശനം. വിശദവിവരങ്ങൾക്ക്: 9846170024, 7907788350, 9446686362, 9645814820, 7907938093, 9446547098.

## ഒഴിവ്

ഗവൺമെന്റ് എച്ച്.എസ്. പാപ്പനംകോട് സ്കൂളിൽ എഫ്.ടി.എം. തസ്തികയിലേക്ക് ശാരീരിക ക്ഷമതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ബയോഡാറ്റയും മെഡിക്കൽ സർട്ടിഫിക്കറ്റുമായി ഫെബ്രുവരി 13 ന് രാവിലെ 10 മണിക്ക് അഭിമുഖത്തിനായി സ്കൂളിൽ ഹാജരാകണം. ഫോൺ: 0471-2494307.

## ടെണ്ടർ ക്ഷണിച്ചു

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രചാരണ സാമഗ്രികൾ കോംപാക്ട് ഡിസ്കുകൾ, കത്തുകൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ, മറ്റ് സാമഗ്രികൾ തുടങ്ങിയവ വിവിധ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസിലും വകുപ്പ് നിർദേശിക്കുന്ന മറ്റ് സ്ഥലങ്ങളിലെ സ്ഥാപനങ്ങളിലും കൊറിയർ വഴി എത്തിക്കുന്നതിന് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയമുള്ള കൊറിയർ സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെണ്ടറുകൾ ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 1 വിലാസത്തിൽ മാർച്ച് ഒന്നിനകം ലഭ്യമാക്കണം. വിശദ വിവരങ്ങൾക്ക്: www.prd.kerala.gov.in സന്ദർശിക്കുക. ഫോൺ: 0471-2517036, 0471-251803.

## ചിലങ്ക നൃത്തോത്സവം ഫെബ്രുവരി 12 മുതൽ

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ യുവനർത്തകർക്ക് വേദിയൊരുക്കുക എന്ന ഉദ്ദേശ്യത്തോടെ ഫെബ്രുവരി 12 മുതൽ 18 വരെ ഏഴു ദിവസം നീണ്ടുനിൽക്കുന്ന ചിലങ്ക ശാസ്ത്രീയ നൃത്തോത്സവം സംഘടിപ്പിക്കുന്നു. കേരള സർക്കാർ സാംസ്കാരിക വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവനിലാണ് നൃത്തോത്സവം സംഘടിപ്പിക്കുന്നത്.

മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, സത്രീയ, ഒഡീസി എന്നീ ഇനങ്ങളിലായി ഇരുപത്തഞ്ച് നർത്തകരാണ് പങ്കെടുക്കുന്നത്. ഫെബ്രുവരി 12 ബുധനാഴ്ച വൈകുന്നേരം 5.30ന് വൈലോപ്പിള്ളി സംസ്കൃതി ഭവൻ കൂത്തമ്പലത്തിൽ സാംസ്കാരിക വകുപ്പ് മന്ത്രിയും വൈലോപ്പിള്ളി സംസ്കൃതി ഭവൻ ചെയർമാനുമായ സജി ചെറിയാൻ നൃത്തോത്സവം ഉദ്ഘാടനം ചെയ്യും.



പതിനാറാമത് ട്രൈബൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിൻറെ ഭാഗമായി ടെക്നോപാർക്ക് സന്ദർശിച്ച ഛത്തീസ്ഗഢ്, ഒഡീഷ, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ ഗോത്രവിഭാഗ യുവജനങ്ങളുമായി ടെക്നോപാർക്ക് സി C-H (റിട്ട) കേണൽ സഞ്ജീവ് നായർ സംവദിക്കുന്നു.

# ഗോത്രവിഭാഗത്തിലെ യുവജനങ്ങളുടെ സംഗമവേദിയായി ടെക്നോപാർക്ക്

### ടെക്നോപാർക്ക് സിഇഒ യുമായി സംഘം ആശയവിനിമയം നടത്തി

തിരുവനന്തപുരം: രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗോത്രവിഭാഗത്തിലെ യുവജനങ്ങളുടെ സംഗമവേദിയായി ടെക്നോപാർക്ക്. പതിനാറാമത് ട്രൈബൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിൻറെ ഭാഗമായി ഛത്തീസ്ഗഢ്, ഒഡീഷ, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 200 ലധികം യുവജനങ്ങളാണ് ടെക്നോപാർക്ക് സന്ദർശിച്ചത്.

കേന്ദ്ര ആഭ്യന്തര മന്ത്രാലയം, യുവജനകാര്യ കായിക മന്ത്രാലയം, നെഹ്റു യുവകേന്ദ്ര സംഘടൻ എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടിയിലെ തിരഞ്ഞെടുക്കപ്പെട്ട വേദികളിലൊന്നാണ് ടെക്നോപാർക്ക്.

ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായരുമായി യുവജനങ്ങൾ ആശയവിനിമയം നടത്തി. ടെക്നോപാർക്കിൻറെ സുപ്രധാന നാഴികക്കല്ലുകളേയും രാജ്യത്തെ ഐടി മേഖലയുടെ വളർച്ചയ്ക്ക് ടെക്നോപാർക്ക് നൽകിയ സംഭാവനകളേയും കുറിച്ച് അദ്ദേഹം സംസാരിച്ചു.

ഛത്തീസ്ഗഢിലെ ഒരു ഉൾപ്രദേശത്ത് ചെലവഴിച്ച തൻറെ സ്കൂൾ ദിനങ്ങളിലെ ഓർമ അദ്ദേഹം അയവിറക്കി. വിദ്യാർത്ഥികൾ മികച്ച വിദ്യാഭ്യാസം നേടണമെന്നും സാങ്കേതിക വിദ്യയിൽ പ്രാപ്തരാകണമെന്നും അദ്ദേഹം പറഞ്ഞു.

മെഡ്ടെക്, എഡ്ടെക്, അഗ്രിടെക്, ഓട്ടോമൊബൈൽ ടെക്, പ്രതിരോധം, എയ്റോസ്പേസ് തുടങ്ങിയ എല്ലാ മേഖലകളുടേയും പുരോഗതിയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. നിർമ്മിതബുദ്ധി, ഇൻറർനെറ്റ് ഓഫ് തിംഗ്സ്, ബ്ലോക്ക് ചെയിൻ, എആർ/വിആർ തുടങ്ങി വളർന്നുവരുന്ന സാങ്കേതികവിദ്യകൾ ഡിജിറ്റൽ യുഗത്തിൻറെ സാങ്കേതിക പുരോഗതിയ്ക്ക് ആക്കം കൂട്ടുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്ക് ഡെപ്യൂട്ടി ജനറൽ മാനേജർ വസന്ത് വരദ ടെക്നോപാർക്കിൻറെ സാധ്യതകളേയും അവസരങ്ങളേയും വികസന പ്രവർത്തനങ്ങളെയും കുറിച്ച് അവതരണം നടത്തി. ഇനിവരുന്ന തലമുറയ്ക്ക് അറിവ് പകർന്നു കൊടുക്കുന്നതിലും സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിലും മികച്ച സംഭാവന നല്കാൻ യുവജനങ്ങൾക്ക് സാധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാന സർക്കാർ സ്ഥാപനമായ ടെക്നോപാർക്ക് ഉൾപ്പെടെയുള്ള മൂന്ന് ഐടി പാർക്കുകളിലൂടെ സാങ്കേതികമേഖലയുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ ലഭ്യമാണ്. യുവജനങ്ങൾക്ക് അനന്ത സാധ്യതകളാണ് ടെക്നോപാർക്ക് വാഗ്ദാനം ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള ഗോത്രവിഭാഗത്തിലെ യുവതയ്ക്ക് വൈവിധ്യമാർന്ന സംസ്കാരം, ധാർമ്മികത, ഭാഷ, ജീവിതരീതികൾ, വികസന പ്രവർത്തനങ്ങൾ എന്നിവ പരിചയപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതാണ് ട്രൈബൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം.

# വിദേശ തൊഴിൽ വായ്പാ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന വിദേശ തൊഴിൽ പദ്ധതിയിൽ പരിഗണിക്കുന്നതിനായി പട്ടികജാതിയിൽപ്പെട്ട യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പട്ടികജാതിയിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതരും ഏതെങ്കിലും വിദേശ രാജ്യത്തെ അംഗീകൃത തൊഴിൽ ദാതാവിൽ നിന്നും തൊഴിൽ നൽകുന്നതിനു ഓഫർ ലെറ്റർ ലഭിച്ചിട്ടുള്ളവരും ആകണം.

നോർക്ക റൂട്ട്സ്, ഒഡേപെക് എന്നീ സ്ഥാപനങ്ങൾ സ്പോൺസർ ചെയ്യുന്ന അപേക്ഷകർക്ക് പദ്ധതിയിൽ മുൻഗണന നൽകും. അപേക്ഷകർ 18 നും 55നും മധ്യേ പ്രായമുള്ളവരായിരിക്കണം. കുടുംബ വാർഷിക വരുമാനം 3,50,000 രൂപയിൽ അധികമാവരുത്. പദ്ധതിയുടെ പരമാവധി വായ്പാ തുക രണ്ടു ലക്ഷം രൂപയാണ്. അതിൽ ഒരു ലക്ഷം രൂപ വരെ അർഹരായവർക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിച്ച തുകയിൽ നിന്നും സബ്സിഡിയായി അനുവദിക്കും.

അമ്പത് വയസ് കവിയാത്തവരും രണ്ടര ലക്ഷം രൂപയ്ക്കുള്ളിൽ കുടുംബ വാർഷിക വരുമാനമുള്ളവരുമായ അപേക്ഷകർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. വായ്പയുടെ പലിശ നിരക്ക് ആറു ശതമാനവും തിരിച്ചടവ് കാലയളവ് മൂന്നു വർഷവുമാണ്. അപേക്ഷകർക്ക് വിദേശത്ത് തൊഴിൽ ചെയ്യുന്നതിനുള്ള വർക്ക് എഗ്രിമെന്റ്, വീസ, പാസ്പോർട്ട്, എമിഗ്രേഷൻ സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ ലഭിച്ചിരിക്കണം. താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷാ ഫോറത്തിനും വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ അതതു ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടണം.

## ഡാറ്റാ അനാലിസിസ്, വിഷ്വൽ പ്രസന്റേഷൻ എന്നിവയിൽ ഏകദിന പരിശീലനം

ഡാറ്റാ അനാലിസിസ് വിഷ്വൽ പ്രസന്റേഷൻ തുടങ്ങിയവയിൽ ആധുനിക സാങ്കേതികയുടെ ഉപയോഗ രീതികളെ കുറിച്ച് ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. ഡൈനാമിക് ഡാഷ്ബോർഡുകൾ, തൽസമയ റിപ്പോർട്ടുകളുടെ രൂപീകരണം, ഡാറ്റാ ചിത്രീകരണത്തിന്റെ നവീനരീതികൾ തുടങ്ങിയവ പരിശീലനത്തിന്റെ ഭാഗമാണ്. മൈക്രോസോഫ്റ്റ് എക്സൽ, പവർ ബി ഐ ടൂളുകളിലാണ് പരിശീലനം. ഗവേഷകർ, വിപണന മനുഷ്യവിഭവശേഷി മേഖലയിലെ പ്രൊഫഷണലുകൾ, ഉദ്യോഗസ്ഥർ, അധ്യാപകർ തുടങ്ങി വിവിധ മേഖലകളിലുള്ളവർക്ക് പ്രയോജനകരമായ വിധമാണ് പരിശീലനം.

കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) 'ഇൻസ്പയർ' സീരീസിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്രസ്തുത പരിപാടി മാർച്ച് 1 ന് തൈക്കാടുള്ള (സി.എം.ഡി) സിൽവർ ജൂബിലീ ഹാളിലാണ് സംഘടിപ്പിക്കുന്നത്. ഫെബ്രുവരി 21ന് മുമ്പായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: 8714259111, 0471 2320101, www.cmd.kerala.gov.in.

## മഹാകുംഭമേളയിലെ തിരക്ക്; 300 കിലോമീറ്ററോളം ദൂരത്തിൽ ഗതാഗതക്കുരുക്ക്

പ്രയാഗ് രാജ്: ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ നടക്കുന്ന മഹാകുംഭമേളയിലെ തിരക്കിന് പിന്നാലെ അയൽ സംസ്ഥാനമായ മധ്യപ്രദേശിൽ 300 കിലോമീറ്ററോളം നീളത്തിൽ ഗതാഗതക്കുരുക്ക്. ഞായറാഴ്ച ഗതാഗതം നിർത്തിവയ്ക്കേണ്ട അവസ്ഥവരെ മധ്യപ്രദേശ് പോലീസിന് ഉണ്ടായി. പ്രയാഗ് രാജിലേക്കുള്ള നൂറ് കണക്കിന് വാഹനങ്ങൾ മധ്യപ്രദേശിലെ വിവിധ മേഖലകളിൽ നിർത്തിയിട്ടതാണ് 300 കിലോമീറ്ററോളം ദൂരത്തിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടാൻ ഇടയാക്കിയത്. ജനുവരി 13ന് ആരംഭിച്ച മഹാകുംഭമേള ഫെബ്രുവരി 26നാണ് അവസാനിക്കുന്നത്. ഫെബ്രുവരി 12ന് മാംഗി പൂർണിമയും ഫെബ്രുവരി 26ന് മഹാശിവരാത്രിയുമാണ് ഇനിയുള്ള സുപ്രധാന ദിവസങ്ങൾ. മഹാകുംഭമേളയിലെ തീർത്ഥാടക പങ്കാളിത്തത്തെക്കുറിച്ചുള്ള ഉത്തർപ്രദേശ് സർക്കാരിന്റെ ഔദ്യോഗിക കണക്ക് പ്രകാരം ഇതുവരെ 38.97 കോടി പേർ സ്നാനം നടത്തിയെന്നാണ് വിശദമാക്കുന്നത്.

## പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു

2025 മേയിൽ നടത്തുന്ന കെ.ജി.റ്റി. (ടൈപ്പ്റൈറ്റിംഗ്) പരീക്ഷാ വിജ്ഞാപനം പരീക്ഷാഭവന്റെ www.kgtexam.kerala.gov.in,http://pareekshabhavan.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. ഫെബ്രുവരി 17 മുതൽ 28 വരെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. പരീക്ഷയുടെ ഫീസ് നിരക്ക് പുതുക്കിയിട്ടുണ്ട്.

# മെഡിക്കൽ കോളേജിൽ ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജി വിഭാഗത്തിനു കീഴിലെ ഐ.സി.എം.ആർ ലേക്ക് പ്രോജക്ട് ടെക്നിക്കൽ സപ്പോർട്ട് കകകക (റിസർച്ച് ഡയറ്റീഷ്യൻ) തസ്തികയിലേക്ക് ഒരു വർഷത്തെ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒരൊഴിവാണുള്ളത്. പ്രായപരിധി 40 വയസ്സാണ്. യോഗ്യത: സയൻസ് വിഷയത്തിൽ 12വേ ക്ലാസ് പാസായിരിക്കണം, ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സിൽ ഡിഗ്രി / ഡിപ്ലോമ, ഒരു ഗവൺമെന്റ് അല്ലെങ്കിൽ അംഗീകൃത സ്ഥാപനത്തിനു കീഴിൽ ഐ.സി.എം.ആർ / ഡി.എച്ച്.ആർ / ഡി.ബി.റ്റി / ഡി.എസ്.ടി / കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ റിസർച്ച് പ്രോജക്ടിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം, ഐ.സി.എം.ആർ / ഡി.എച്ച്.ആർ / ഡി.ബി.റ്റി / ഡി.എസ്.ടി / കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ റിസർച്ച് പ്രൊജക്ടിൽ ഡയറ്റീഷ്യനായി കുറഞ്ഞത് 2 വർഷത്തെ സേവന പരിചയം, ക്ലിനിക്കൽ ട്രയൽസിനുള്ള ജി.സി.പി സർട്ടിഫിക്കറ്റ്. പ്രതിമാസ വേതനം 28,000 + 18 ശതമാനം എച്ച്.ആർ.എ. താത്പര്യമുള്ളവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 18ന് രാവിലെ 11ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. വിശദ വിവരങ്ങൾക്ക് ഫോൺ: 0471 2528855, 2528055.

# ബയോ മാലിന്യ സംസ്കരണത്തിനുള്ള സിഎസ്ഐആർ–നിസ്റ്റ് സാങ്കേതികവിദ്യ ഡൽഹി എയിംസിൽ പരീക്ഷണാടിസ്ഥാനത്തിൽ




നാടിന് സമർപ്പിച്ചത് കേന്ദ്ര ശാസ്ത്ര-സാങ്കേതികവകുപ്പ് മന്ത്രി ജിതേന്ദ്രസിംഗ്

തിരുവനന്തപുരം: ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ (എയിംസ്) മെഡിക്കൽ ജൈവമാലിന്യങ്ങൾ മണ്ണ് ഘടകമാക്കി മാറ്റുന്ന പരീക്ഷണാടിസ്ഥാനത്തിലുള്ള റിഗ് സംവിധാനം കേന്ദ്ര ശാസ്ത്ര-സാങ്കേതിക വകുപ്പ് മന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തു. രക്തം, മൂത്രം, കഫം, ലാബോറട്ടറി ജൈവമാലിന്യങ്ങൾ തുടങ്ങിയവയാണ് ഈ വിധത്തിൽ സംസ്കരിക്കാൻ സാധിക്കുന്നത്.

തിരുവനന്തപുരം ആസ്ഥാനമായ സിഎസ്ഐആർ-എൻഐഐഎസ്ടിയാണ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി) 'സൃജനം' എന്ന റിഗ് സംവിധാനം വികസിപ്പിച്ചെടുത്തത്. ഈ സാങ്കേതികവിദ്യയിലൂടെ രോഗകാരികളായ ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതവും ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള നൂതന ബദൽ പരിഹാരമാണ് സിഎസ്ഐആർ-എൻഐഐഎസ്ടി ലക്ഷ്യമിടുന്നത്.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഓരോ ആശുപത്രിക്കിടക്കയിൽ നിന്നും പ്രതിദിനം അര കിലോയിലധികം രോഗജന്യമാലിന്യം രൂപപ്പെടുന്നുണ്ടെന്ന് മന്ത്രി ജിതേന്ദ്രസിംഗ് പറഞ്ഞു. ഇത് പകർച്ചാസ്വഭാവമുള്ളതാണ്. ഈ അപകടസാധ്യതയുടെ ആദ്യ ഇരകൾ ആശുപത്രി ജീവനക്കാരും രോഗികളുമാണെന്ന് അദ്ദേഹം പറഞ്ഞു. ആശുപത്രി മാലിന്യങ്ങൾ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതും കടുത്ത വെല്ലുവിളിയാണ്.

ഈ സാഹചര്യത്തിൽ സിഎസ്ഐആർ-എൻഐഐഎസ്ടി വികസിപ്പിച്ചെടുത്ത മാലിന്യ സംസ്ക്കരണ സംവിധാനം വലിയ സംഭാവനയാണ് നൽകുന്നത്. എയിംസിലെ പ്രാരംഭ ഉപയോഗത്തിന് ശേഷം കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ അനുമതിയോടെ ഇത് മറ്റ് സ്ഥലങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. ഇത്തരം ഗവേഷണ ഫലങ്ങൾ പ്രായോഗികതലത്തിലെത്തിക്കാൻ മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.ഗവേഷണ സ്ഥാപനങ്ങൾ തങ്ങളുടെ കണ്ടുപിടുത്തങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ പ്രചാരണം നടത്തണം. നിർണായകമായ നിരവധി കണ്ടുപിടുത്തങ്ങൾ രാജ്യത്തെ ഗവേഷണ സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. സാമൂഹ്യമാധ്യമങ്ങൾ വഴിയും നവമാധ്യമങ്ങൾ വഴിയും ഇതിൻറെ പ്രചാരം നൽകണം. ആഗോളതലത്തിൽ മത്സരശേഷി നേടിയെടുക്കാൻ ഇത് അത്യാവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക ശക്തികളിലൊന്നായി ഇന്ത്യ മാറുകയാണ്. ഈ ഘട്ടത്തിൽ മാലിന്യസംസ്ക്കരണമടക്കമുള്ള കാര്യങ്ങളിൽ രാജ്യത്തിനകത്ത് വ്യക്തമായ ധാരണ വേണമെന്ന് അദ്ദേഹം പറഞ്ഞു. മൂന്നാം മോദി സർക്കാർ ശാസ്ത്ര ഗവേഷണങ്ങൾക്ക് അതീവ പ്രാധാന്യമാണ് നൽകി വരുന്നത്. ആദ്യ നൂറു ദിനപരിപാടിയിൽ ഭൂരിഭാഗം തീരുമാനങ്ങളും ശാസ്ത്ര ഗവേഷണ സംബന്ധിയായിരുന്നെന്നും മന്ത്രി കൂട്ടിച്ചേർത്തു.കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന വകുപ്പ് സെക്രട്ടറി തൻമയ് കുമാർ ഐഎഎസ്, ഡിഎസ്ഐആർ സെക്രട്ടറിയും സിഎസ്ഐആർ ഡിജിയുമായ ഡോ. എൻ കലൈശെൽവി, ഡിഎച്ച്ആർ സെക്രട്ടറിയും ഐസിഎംആർ ഡിജിയുമായ ഡോ. രാജീവ് ബഹ്ല്, നീതി ആയോഗ് അംഗം ഡോ. വി കെ പോൾ, എയിംസ് ഡയറക്ടർ ഡോ. എം ശ്രീനിവാസ്, സിഎസ്ഐആർ നിസ്റ്റ് ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ എന്നിവരും സംബന്ധിച്ചു.

സർക്കാരിൻറെ വേസ്റ്റ് ടു വെൽത്ത് നയത്തിൻറെ ഭാഗമായുള്ള പദ്ധതിയുടെ ഭാഗമാണിതെന്ന് ഡോ. കലൈശെൽവി പറഞ്ഞു. പരിസ്ഥിതിയ്ക്ക് യാതൊരു കോട്ടവും വരുത്താതെ 30 മിനിറ്റിനുള്ളിൽ 10 കിലോ മാലിന്യം സംസ്ക്കരിക്കാൻ ഈ ചെറിയ പ്ലാൻറിന് കഴിയുമെന്നും അവർ പറഞ്ഞു.പ്രതിദിനം 400 കിലോഗ്രാം വരെ മാലിന്യസംസ്ക്കരണ ശേഷി കൈവരിക്കാൻ സാധിക്കുന്ന മാലിന്യ സംസ്ക്കരണ സംവിധാനത്തിന് പ്രാരംഭ ഘട്ടത്തിൽ ദിവസം 10 കിലോഗ്രാം ഡീഗ്രേഡബിൾ മെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യാൻ സാധിക്കും. ഔദ്യോഗിക അംഗീകാരം ലഭിച്ചതിനു ശേഷം സാങ്കേതികവിദ്യ പൂർണ തോതിലുള്ള നടപ്പാക്കലിന് തയ്യാറാകും.

പൂർണ്ണമായും ഓട്ടോമാറ്റിക് സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഈ റിഗ് ജൈവമാലിന്യങ്ങളെ മൂല്യ സംസ്കരണം നടത്തി മണ്ണ് ഘടകമാക്കി മാറ്റിയത് മികച്ച സാങ്കേതികവിദ്യയാണെന്ന് ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ച സിഎസ്ഐആർ-എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി അനന്തരാമകൃഷ്ണൻ പറഞ്ഞു. ആരോഗ്യമേഖലയ്ക്ക് സുരക്ഷിതത്വം, രോഗഘടകങ്ങളോട് നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കൽ, പകർച്ചവ്യാധി കാരണമായ സൂക്ഷ്മാണുക്കളെ പ്രതിരോധിക്കൽ എന്നിവയെല്ലാം ഈ സാങ്കേതികവിദ്യയിലൂടെ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ കണക്കനുസരിച്ച് രാജ്യത്ത് ദിനംതോറും 743 ടൺ മെഡിക്കൽ ജൈവ മാലിന്യമാണ് ഉത്പാദിപ്പിക്കുന്നത്. ഇതിൻറെ യഥാവിധിയുള്ള കൈകാര്യം ചെയ്യലും സംസ്ക്കരണവും എല്ലാക്കാലത്തും കടുത്ത വെല്ലുവിളിയായിരുന്നു.

## സ്റ്റീൽ, അലുമിനിയം ഇറക്കുമതികൾക്ക് തീരുവ വർധിപ്പിച്ച് യുഎസ്

വാഷിങ്ടൺ: എല്ലാ സ്റ്റീൽ, അലുമിനിയം ഇറക്കുമതികൾക്കും 25 ശതമാനം തീരുവ ചുമത്താനുള്ള പദ്ധതികളും, യുഎസ് ഉൽപ്പന്നങ്ങൾക്ക് തീരുവ ചുമത്തുന്ന രാജ്യങ്ങൾക്ക് പരസ്പര തീരുവയും ഏർപ്പെടുത്താനുള്ള പദ്ധതികളും പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സ്റ്റീൽ, അലുമിനിയം എന്നിവയുടെ തീരുവ അടുത്ത ദിവസം ഔദ്യോഗികമായി പ്രഖ്യാപിക്കുമെന്നും പരസ്പര നികുതികൾ ഈ ആഴ്ച അവസാനത്തോടെ പ്രഖ്യാപിക്കുമെന്നും ട്രംപ് പറഞ്ഞു. സ്റ്റീൽ, അലുമിനിയം എന്നിവയുടെ നിലവിലുള്ള തീരുവകൾക്ക് പുറമേയാണ് പുതിയ താരിഫുകളെന്ന് വൈറ്റ് ഹൗസ് വക്താവ് കരോലിൻ ലിവിറ്റ് പറഞ്ഞു.

പ്രതികാര തീരുവകൾ ഏതൊക്കെ രാജ്യങ്ങൾക്ക് ബാധകമാകുമെന്ന് വ്യക്തമല്ല. മറ്റ് രാജ്യങ്ങൾ യുഎസ് ഉൽപ്പന്നങ്ങൾക്ക് തീരുവ ചുമത്തുമ്പോൾ തിരിച്ചും അതേരീതിയിൽ തന്നെ തീരുവ ഏർപ്പെടുത്തുന്ന സമ്പ്രദായമാണ് ട്രംപ് നടപ്പിലാക്കുന്നത്. യുഎസിനെതിരെ ചൈന പ്രഖ്യാപിച്ച പ്രതികാര താരിഫുകൾ പ്രാബല്യത്തിൽ വന്നതിനു പിന്നാലെയാണ് പ്രസിഡന്റിന്റെ പ്രഖ്യാപനം. കൽക്കരി, എൽഎൻജി എന്നിവയ്ക്ക് 15 ശതമാനം, അസംസ്കൃത എണ്ണ, കാർഷിക ഉപകരണങ്ങൾ, ചില വാഹനങ്ങൾ എന്നിവയ്ക്ക് 10 ശതമാനം എന്നിങ്ങനെ 14 ബില്യൺ ഡോളർ മൂല്യമുള്ള ഉല്പന്നങ്ങളാണ് നടപടിയിലൂടെ ലക്ഷ്യമിടുന്നത്.

നിലവിൽ കാനഡയാണ് യുഎസിലേക്ക് ഏറ്റവും കൂടുതൽ സ്റ്റീൽ, അലൂമിനിയം ഇറക്കുമതി നടത്തുന്നത്. മൊത്തം ഇറക്കുമതിയുടെ 79 ശതമാനവും കാനഡയുടെ പങ്കാണ്. ബ്രസീൽ മെക്സിക്കോ, ദക്ഷിണ കൊറിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളും യുഎസിലേക്ക് സ്റ്റീൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ചൈന, മെക്സിക്കോ, യുഎഇ എന്നിവയുൾപ്പെടെ മറ്റ് പ്രധാന വിതരണക്കാർക്കൊപ്പം, യുഎസിലേക്ക് അലുമിനിയം കയറ്റുമതി ചെയ്യുന്നവരിൽ മുൻപന്തിയിൽ നിൽക്കുന്നതും കാനഡയാണ്.

പ്രഖ്യാപനത്തിൽ പ്രതികരണവുമായി കാനഡ രംഗത്തെത്തി. പ്രതിരോധം, കപ്പൽ നിർമ്മാണം, ഓട്ടോമൊബൈൽ തുടങ്ങിയ യുഎസിലെ പ്രധാന വ്യവസായങ്ങളെ കനേഡിയൻ സ്റ്റീൽ, അലൂമിനിയം എന്നിവ പിന്തുണയ്ക്കുന്നു. ഇത് വടക്കേ അമേരിക്കയെ കൂടുതൽ മത്സരക്ഷമതയുള്ളതും സുരക്ഷിതവുമാക്കുന്നു. തൊഴിലാളികൾക്കും വ്യവസായങ്ങൾക്കും വേണ്ടി തുടർന്നും നിലകൊള്ളുമെന്ന് കനേഡിയൻ മന്ത്രി ഫ്രാങ്കോയിസ് ഫിലിപ്പ് ഷാംപെയ്ൻ പറഞ്ഞു.

ട്രംപുമായി സംസാരിക്കുമെന്നും വിഷയം ഉന്നയിക്കുമെന്നും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസ് വ്യക്തമാക്കി. യുഎൻ വ്യാപാര ഡാറ്റ പ്രകാരം, 2023 ൽ ഓസ്ട്രേലിയ ഏകദേശം 237 മില്യൺ ഡോളറിന്റെ സ്റ്റീലും ഇരുമ്പും 2024 ൽ 75 മില്യൺ ഡോളറിന്റെ അലുമിനിയവും യുഎസിലേക്ക് കയറ്റുമതി ചെയ്തു. ആദ്യ ഭരണകാലത്തും ട്രംപ് ഉരുക്കിന് 25 ശതമാനവും അലൂമിനിയത്തിന് 10 ശതമാനവും തീരുവ ചുമത്തിയിരുന്നു. എന്നാൽ പിന്നീട് കാനഡ, മെക്സിക്കോ, ബ്രസീൽ എന്നിവയുൾപ്പെടെ നിരവധി വ്യാപാര പങ്കാളികൾക്ക് ഡ്യൂട്ടി-ഫ്രീ ക്വാട്ടകൾ അനുവദിച്ചു. ജോ ബൈഡൻ ഈ ക്വാട്ടകൾ ബ്രിട്ടൻ, ജപ്പാൻ, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളെയും ക്വാട്ടകളുടെ പരിധിയിൽ കൊണ്ടുവന്നും.

നേരത്തെ, കനേഡിയൻ, മെക്സിക്കൻ ഉൽപ്പന്നങ്ങൾക്ക് 25 ശതമാനം തീരുവയും ചൈനീസ് ഇറക്കുമതിക്ക് 10 ശതമാനം തീരുവയും ഏർപ്പെടുത്തിയിരുന്നു. യുഎസ് അതിർത്തിയിലൂടെയുള്ള നിയമവിരുദ്ധ മയക്കുമരുന്നുകളുടെയും രേഖകളില്ലാത്ത കുടിയേറ്റക്കാരുടെയും ഒഴുക്ക് തടയാൻ കൂടുതൽ കാര്യങ്ങൾ ചെയ്യുമെന്ന് ഇരു രാജ്യങ്ങളും അറിയിച്ചതിനെത്തുടർന്ന് കാനഡയ്ക്കും മെക്സിക്കോയ്ക്കുമെതിരായ നടപടികൾ വൈകിപ്പിക്കാൻ ട്രംപ് പിന്നീട് സമ്മതിച്ചു.

അതേസമയം, യൂറോപ്യൻ യൂണിയനും തീരുവ നേരിടേണ്ടിവരുമെന്നും ട്രംപിന്റെ മുന്നറിയിപ്പുണ്ട്. ട്രംപിന്റെ പുതിയ പ്രഖ്യാപനങ്ങളോട് ഏഷ്യൻ ഓഹരി വിപണി സമ്മിശ്ര പ്രതികരണമാണ് പ്രകടിപ്പിച്ചത്. ജപ്പാനിലെ നിക്കി 225 സൂചിക 0.1 ശതമാനം ഇടിഞ്ഞു. ഹോങ്കോങ്ങിലെ ഹാങ് സെങ്, ചൈനയുടെ എസ്എസ്ഇ കോമ്പോസിറ്റ് എന്നിവ യഥാക്രമം 1.2 ശതമാനവും 0.3 ശതമാനവും ഉയർന്നു.

## ഓപ്പറേഷൻ സൗന്ദര്യ മൂന്നാം ഘട്ടം: 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു

### ഒന്നര ലക്ഷത്തിലധികം രൂപയുടെ കോസ്മറ്റിക് ഉത്പ്പന്നങ്ങൾ പിടിച്ചെടുത്തു

വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായുള്ള സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 'ഓപ്പറേഷൻ സൗന്ദര്യ' മൂന്നാം ഘട്ടം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കഴിഞ്ഞ ദിവസങ്ങളിലായി 101 സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയത്. ലിപ്സ്റ്റിക്, ഫേസ് ക്രീം, ബേബി പൗഡർ, ബേബി സോപ്പ്, ബേബി ഓയിൽ തുടങ്ങിയവയാണ് പ്രധാനമായും പരിശോധിച്ചത്. മതിയായ ലൈസൻസുകളോ കോസ്മെറ്റിക്സ് റൂൾസ് 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളോ പാലിക്കാതെ നിർമ്മിച്ച് വിതരണം നടത്തിയ 12 സ്ഥാപനങ്ങൾക്കെതിരെ കേസെടുത്തു. ഗുണനിലവാരമില്ലാത്ത ഒന്നര ലക്ഷത്തിലധികം രൂപയുടെ കോസ്മെറ്റിക് ഉത്പ്പന്നങ്ങൾ പിടിച്ചെടുത്തു. 59 സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്കയച്ചു. ഇവയുടെ പരിശോധനാഫലം വരുന്നതനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.ഓപ്പറേഷൻ സൗന്ദര്യയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ നടത്തിയ പരിശോധനകളിൽ സൗന്ദര്യ വർദ്ധക വസ്തുക്കളിൽ ശരീരത്തിന് ഹാനീകരമാകുന്ന അളവിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഏകദേശം 7 ലക്ഷത്തിലധികം രൂപ വില വരുന്ന വിവിധ കോസ്മെറ്റിക് ഉത്പ്പന്നങ്ങൾ പിടിച്ചെടുക്കുകയും 33 സ്ഥാപനങ്ങൾക്കെതിരെ കേസെടുക്കുകയും ചെയ്തു. അന്ന് പരിശോധനയ്ക്ക് വിധേയമാക്കിയ ലിപ്സ്റ്റിക്, ഫേസ് ക്രീം സാമ്പിളുകളിൽ അനുവദനീയമായതിൽ കൂടുതൽ അളവിൽ മെർക്കുറിയുടെ അംശം കണ്ടെത്തിയിരുന്നു. ഇത് ആന്തരികാവയവങ്ങളെ വരെ ബാധിക്കുന്ന തരത്തിൽ ദൂഷ്യഫലങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതാണ്. ഈ കണ്ടെത്തലിനെ തുടർന്നാണ് പരിശോധനകൾ കൂടുതൽ കർശനമാക്കാൻ മന്ത്രി നിർദേശം നൽകിയത്.സൗന്ദര്യ വർദ്ധക വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നവർ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം ഉത്പ്പന്നങ്ങൾ മതിയായ ലൈസൻസോട് കൂടി നിർമ്മിച്ചതാണോ എന്നും നിർമ്മാതാവിന്റെ മേൽവിലാസം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ലേബൽ പരിശോധിച്ച് വാങ്ങണം. എന്തെങ്കിലും പരാതിയുള്ളവർ ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ 18004253182 എന്ന ടോൾ ഫ്രീ നമ്പരിൽ വിവരം അറിയിക്കണം.

## തൊഴിൽ നൈപുണ്യമുള്ള ഉദ്യോഗാർഥികൾക്ക് ജർമ്മനിയിൽ അവസരങ്ങളേറെ : ഡെപ്യൂട്ടി കോൺസൽ ജനറൽ ആനറ്റ് ബേസ്ലർ

നഴ്സ്, നൈപുണ്യമികവുള്ള തൊഴിലാളികൾ എന്നിവർക്ക് ജർമ്മനിയിൽ വലിയ ആവശ്യകതയും സാധ്യതയുമാണുള്ളതെന്ന് ബാംഗളൂരിലെ ജർമ്മനിയുടെ ഡെപ്യൂട്ടി കോൺസൽ ജനറൽ ആനറ്റ് ബേസ്ലർ പറഞ്ഞു. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അവർ. കെയർ ഹോമുകളിലും നഴ്സിംഗ് ജോലിക്ക് വലിയ അവസരങ്ങളുണ്ട്. ഇന്ത്യയിൽ നിന്നുള്ള തൊഴിൽ നൈപുണ്യമുള്ള ഉദ്യോഗാർത്ഥികളുടെ നിയമപരമായ കുടിയേറ്റത്തിന് വലിയ പ്രാധാന്യമാണ് ജർമ്മനി നൽകിയിട്ടുള്ളത്. ഇതിനായി പ്രത്യേക പദ്ധതി തന്നെ തയാറാക്കിയിട്ടുണ്ട്. ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസും പ്രധാനമന്ത്രി നരേന്ദ്ര മോഡിയും നടത്തിയ കൂടിക്കാഴ്ചയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിലെ ജർമ്മൻ ഭാഷാ പഠനത്തിന്റെ നിലവാരം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. നോർക്ക പോലെ പ്രൊഫഷണലായ സ്ഥാപനവുമായി സഹകരിക്കാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്നും ആനറ്റ് ബേസ്ലർ പറഞ്ഞു.നോർക്ക റൂട്ട്സിന്റെ ജർമ്മനിയിലേക്കുള്ള നഴ്സിംഗ് റിക്രൂട്ട്മെന്റ് പദ്ധതികൾ അജിത് കോളശേരി വിശദീകരിച്ചു. നഴ്സിംഗ് റിക്രൂട്ട്മെന്റ് പദ്ധതികളുടെ പൂർത്തീകരണത്തിലെ കാലതാമസം 18 മാസത്തിൽ നിന്നു 12 ആയി കുറയ്ക്കാൻ സംയുക്തമായ നടപടികളിലൂടെ സാധിച്ചു. റിക്രൂട്ട്മെന്റ് സമയം കുറയ്ക്കുന്നതിനായി സർട്ടിഫിക്കറ്റുകളുടെ ജർമ്മൻ ട്രാൻസിലേഷൻ ഉൾപ്പെടെയുള്ള നിയമനനടപടികൾ വേഗത്തിലാക്കാൻ നടപടി വേണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. തിരുവനന്തപുരം തൈക്കാട് നോർക്ക സെന്ററിൽ നടന്ന കൂടിക്കാഴ്ചയിൽ റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, സെക്ഷൻ ഓഫീസർ ബി. പ്രവീൺ, അസിസ്റ്റന്റ് എസ്. ഷീബ എന്നിവർ പങ്കെടുത്തു.

## യുക്രെയ്ൻ യുദ്ധം: പുടിനുമായി ഫോണിൽ ചർച്ച നടത്തിയെന്ന് ട്രംപ്

വാഷിംഗ്ടൺ ഡിസി: യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നതു സംബന്ധിച്ച് റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുടിനുമായി ഫോണിൽ ചർച്ച നടത്തിയെന്നു യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചു. ജനങ്ങൾ കൊല്ലപ്പെടുന്നത് അവസാനിപ്പിക്കാൻ പുടിൻ ആഗ്രഹിക്കുന്നു. പുടിനുമായി നല്ല ബന്ധത്തിലാണെന്നും യുദ്ധം അവസാനിപ്പിക്കാനുള്ള വ്യക്തമായ പദ്ധതി തനിക്കുണ്ടെന്നും ട്രംപ് കൂട്ടിച്ചേർത്തു. അതേസമയം, പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ ട്രംപ് തയാറായില്ല.


യുദ്ധം അവസാനിപ്പിക്കുന്നതു സംബന്ധിച്ച് അമേരിക്കയും റഷ്യയും തമ്മിൽ പലവിധ ചർച്ചകൾ നടക്കുന്നതായി ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് സ്ഥിരീകരിച്ചു.അധികാരത്തിലേറിയാൽ ഒറ്റ ദിവസംകൊണ്ട് യുദ്ധം അവസാനിപ്പിക്കുമെന്ന് ട്രംപ് തെരഞ്ഞെടുപ്പു പ്രചാരണത്തിനിടെ വാഗ്ദാനം ചെയ്തിരുന്നു. യുദ്ധം അവസാനിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ പദ്ധതി യുക്രെയ്ൻ കാര്യങ്ങൾക്കുള്ള അമേരിക്കൻ പ്രതിനിധി കീത്ത് കെല്ലോഗ് വരും ദിവസങ്ങളിൽ പ്രഖ്യാപിച്ചേക്കുമെന്ന സൂചനയുണ്ട്.ട്രംപും പുടിനും നേരിട്ടു ചർച്ച നടത്താനുള്ള സാധ്യതയും തെളിയുന്നുണ്ട്. സൗദിയിലോ യുഎഇയിലോ വച്ചായിരിക്കാം കൂടിക്കാഴ്ചയെന്നു വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. വരുംദിവസങ്ങളിൽ യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തുമെന്നു ട്രംപ് വെള്ളിയാഴ്ച അറിയിച്ചിരുന്നു.ചെലവേറിയ യുദ്ധം അവസാനിപ്പിക്കാൻ പുടിന് ആഗ്രഹമുണ്ടെങ്കിലും അദ്ദേഹം വിട്ടുവീഴ്ചയ്ക്കു തയാറാകുമെന്ന സൂചനയില്ല. യുക്രെയ്നിൽനിന്നു പിടിച്ചെടുത്ത പ്രദേശങ്ങൾ വിട്ടുകൊടുക്കാൻ പുടിൻ തയാറാകില്ല. ഈ പ്രദേശങ്ങളിൽനിന്നു യുക്രെയ്ൻ സേന പിന്മാറണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടേക്കും. അതോടൊപ്പം യുക്രെയ്ന്റെ നാറ്റോ മോഹങ്ങൾ അവസാനിപ്പിക്കണമെന്ന ഉപാധിയും വച്ചേക്കും.

## കായികമേഖലയിൽ പുതിയ സമിതി രൂപീകരിച്ച് കേന്ദ്രം; കായികമന്ത്രി അധ്യക്ഷൻ

ന്യൂഡൽഹി: കായിക മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ പുതിയ സമിതി രൂപീകരിച്ചു. കേന്ദ്ര കായികമന്ത്രി മൻസുഖ് മാണ്ഡവ്യയാണ് 17 അംഗ സമിതിയുടെ അധ്യക്ഷൻ. ഷൈനി വിൽസൺ, മേരി കോം, സൈന നെഹ്‌വാൾ, ലിയാൻഡർ പെയ്സ് തുടങ്ങിയവർ സമിതിയിൽ അംഗങ്ങളായിരിക്കും. കേന്ദ്ര കായിക സെക്രട്ടറിയും സ്പോർട് അതോറിട്ടി ഓഫ് ഇന്ത്യയുടെ സിഇഒയും സമിതിയിലെ അംഗങ്ങളാണ്. ഒളിന്പിക്സിലടക്കം ഇന്ത്യയുടെ പ്രകടനം മികവുറ്റതാക്കുകയെന്നതാണ് സമിതിയിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യം വയ്ക്കുന്നത്. കൗൺസിൽ രൂപീകരണം ഇന്ത്യൻ ഒളിന്പിക്സ് അസോസിയേഷനെ കേന്ദ്രം അറിയിച്ചിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# Adani's son marries in intimate ceremony, tycoon donates Rs 10,000 cr*



Ahmedabad, Feb 7 (PTI) Billionaire Gautam Adani's younger son Jeet on Friday married fiance Diva Shah at an intimate, traditional ceremony with a small group of friends and family in attendance. The business tycoon kept the wedding simple and donated Rs 10,000 crore to various social causes including building infrastructure in healthcare, education and skill development.Sources said a very small number of family and friends were invited for the wedding performed according to Jain tradition at Shantigram here.No celebrity was invited, they said. Adani will throw a reception for employees on Saturday."With the blessings of Almighty God, Jeet and Diva tied the sacred knot of marriage today," Adani said in a post on X. "It was a small and extremely private function, so we could not invite all the well-wishers even if we wanted to, for which I apologize."Posting pictures of the wedding, he sought blessings and love for the newly wed.Sources close to him said the Rs 10,000 crore that he had pledged will go in the creation of a network of affordable world-class hospitalsand medical colleges, affordable top-tier K-12 schools and advanced global skill academies with assured employability. Asia's second richest man has two sons - Karan and Jeet. Karan is wed to Paridhi, lawyer and partner at Cyril Amarchand Mangaldas.His second daughter-in-law is a daughter of a diamond merchant.The wedding festivities started around 2 pm and the rituals were conducted according to traditional Jain and Gujarati culture. It was attended by close relatives and friends. Conspicuous by their absence were politicians, business leaders, diplomats, bureaucrats, film stars, entertainers and other celebrities.Jeet is a director at Adani Airports, the firm that operates the group's airport business. An engineering graduate from the University of Pennsylvania, he began his career at the Adani Group in 2019 at the CFO office of the conglomerate. Diva Jaimin Shah is the daughter of diamond merchant Jaimin Shah, who also co-owns C Dinesh and Co Pvt Ltd. His diamond manufacturing firm has business in Mumbai and Surat.Last month at a visit to the Mahakumbh pilgrimage at Prayagraj in Uttar Pradesh, the billionaire had stated that Jeet's wedding will bea simple and traditional ceremony, without any pomp and show and celebrity stars.Scorching speculations of a star-studded wedding, he had said, "It will be a very simple, traditional marriage... just like common people."Ahead of the marriage, it was being speculated that the wedding will be another extravagant spectacle after rival billionaire Mukesh Ambani's youngest son Anant's. Responding to a question if the wedding were going to be a "Maha Kumbh of celebrities", the billionaire said,"Definitely not!"In recent days, social media has been abuzz with speculations that the guest list at the wedding could include likes of Elon Musk to Bill Gates, with Taylor Swift performing. Jeet, 28, got engaged to Diva in March 2023 in a private ceremony in Ahmedabad. It was being speculated on social media that the India-England one-day international cricket match at the Motera stadium had been moved to accommodate the wedding, which was expected to feature 1,000 super cars, hundreds of private jets and chefs from 58 countries at a cost of over Rs 10,000 crore.Speaking after performing the Ganga Aarti with his family at Prayagraj's Triveni Sangam, Adani had stated, "My upbringing and our way of doing things are that of a common person from the workingclass. Jeet too is here for Ma Ganga's blessings. The wedding will be a simple and traditional family affair".A pantheon of global celebrities, politicians and business leaders attended the wedding of the youngest son of Mukesh Ambani, Asia's richest man, in July last year. Anant Ambani's marriage to Radhika Merchant, both 29, followed four months of lavish pre-marriage parties that was attended by Meta's Mark Zuckerberg and Microsoft's Bill Gates. Pop star Rihanna performed at a per-wedding event in March 2024. PTI

## അമ്മയുമായി വഴക്കിട്ട് വാടകവീടിന് തീയിട്ടു, മകൻ അറസ്റ്റിൽ

വർക്കല: അമ്മയുമായുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് വാടകയ്ക്കു താമസിച്ചുവന്ന വീട് മകൻ തീയിട്ടു നശിപ്പിച്ചു. വർക്കല അയന്തി വലിയമേലതിൽ ക്ഷേത്രത്തിനു സമീപമുള്ള വീടിനാണ് തീയിട്ടത്. സംഭവത്തിൽ ഇവിടെ വാടകയ്ക്കു താമസിച്ചുവന്ന പ്രജിത്തി(40)നെ വർക്കല പോലീസ് അറസ്റ്റു ചെയ്തു. കഴിഞ്ഞദിവസം രാത്രിയായിരുന്നു സംഭവം. മദ്യലഹരിയിലെത്തിയ പ്രജിത്ത് തന്റെ ഒൻപതുവയസുള്ള മകനെയുംകൂട്ടി പുറത്തേക്കു പോകാൻ ഇറങ്ങിയപ്പോൾ അമ്മ സതി തടഞ്ഞു. ഇതോടെ ഇരുവരും തമ്മിൽ വലിയ വാക്കേറ്റമുണ്ടായി. തുടർന്ന് ചെറുമകനുമായി സമീപത്തുള്ള ക്ഷേത്രോത്സവത്തിൽ പങ്കെടുക്കാനായി സതി പോയി.ഇതിൽ പ്രകോപിതനായാണ് പ്രജിത്ത് വീടിനു തീയിട്ടത്. തീ ആളിപ്പടരുന്നതു കണ്ട് പ്രദേശവാസികൾ തീയണയ്ക്കാനുള്ള ശ്രമം നടത്തി. പിന്നീട് അഗ്നിരക്ഷാസേന സ്ഥലത്തെത്തിയാണ് തീയണച്ചത്. വീടിനുള്ളിലെ ഫർണിച്ചറും ഇലക്ട്രിക് ഉപകരണങ്ങളും കത്തിനശിക്കുകയും ഭിത്തികൾ പൊട്ടിയടർന്നുമാറുകയും ചെയ്തു. 12 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായാണ് വിലയിരുത്തൽ. വർക്കല മേൽവെട്ടൂർ സ്വദേശികളായ പ്രസന്നൻ-ബീന ദമ്പതിമാരുടെ ഉടമസ്ഥതയിലുള്ളതാണ് വീട്. ഇവരുടെ പരാതിയിൽ കേസെടുത്ത വർക്കല പോലീസ് മേൽവെട്ടൂരിലെ ബന്ധുവീട്ടിൽനിന്നാണ് പ്രജിത്തിനെ പിടികൂടിയത്.

## പ്രസവത്തെ തുടർന്ന് യുവതിയും നവജാത ശിശുവും മരിച്ചു; ചികിത്സാ പിഴവെന്ന് ബന്ധുക്കൾ

കാസർഗോഡ്: പ്രസവത്തെ തുടർന്ന് യുവതിയും നവജാത ശിശുവും മരിച്ച സംഭവത്തിൽ ചികിത്സാപിഴവ് ആരോപിച്ച് ബന്ധുക്കൾ. കാസർഗോട്ടെ പത്മ ആശുപത്രിക്കെതിരെയാണ് ആരോപണം. ചേറ്റുക്കുണ്ട് സ്വദേശിനി ദീപയും കുഞ്ഞുമാണ് മരിച്ചത്. ഗർഭിണിയായത് മുതൽ ദീപ കാസർഗോഡ് പത്മ ആശുപത്രിയിലാണ് ചികിത്സ തേടിയിരുന്നത്.എന്നാൽ പ്രസവത്തിലെ അപകടസാധ്യത ഡോക്ടർ പറഞ്ഞില്ലെന്നും കുട്ടി മരിച്ച വിവരം അധികൃതർ മറച്ചുവച്ചുവെന്നുമാണ് കുടുംബത്തിന്റെ ആരോപണം. എന്നാൽ മറ്റ് ആരോഗ്യപ്രശ്നങ്ങളാണ് യുവതിയുടെ മരണ കാരണമെന്നാണ് ആശുപത്രി അധികൃതരുടെ വിശദീകരണം. സംഭവത്തിൽ ആരോഗ്യമന്ത്രിക്കും മനുഷ്യാവകാശ കമ്മീഷനും യുവതിയുടെ കുടുംബം പരാതി നൽകിയിട്ടുണ്ട്.

## പ്രോജക്ട് ഫെല്ലോ

കേരള വന ഗവേഷണ സ്ഥാപനത്തിലെ ഗവേഷണ പദ്ധതിയിലേക്ക് പ്രോജക്ട് ഫെല്ലോ നിയമനത്തിന് ഫെബ്രുവരി 13 ന് അഭിമുഖം നടക്കും. താൽപര്യമുള്ളവർ രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ നടക്കുന്ന അഭിമുഖത്തിന് ഹാജരാകണം. വിശദവിവരങ്ങൾക്ക്: www.kfri.res.in.

## കിഫ്ബി അടിയന്തര പ്രമേയത്തിന് അവതരണാനുമതിയില്ല; സഭ ബഹിഷ്കരിച്ച് പ്രതിപക്ഷം

തിരുവനന്തപുരം: കിഫ്ബി വിഷയത്തിൽ പ്രതിപക്ഷത്തിന്റെ അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചു. ഇതോടെ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

കിഫ്ബി പദ്ധതികൾ താളം തെറ്റിയെന്ന് ആരോപിച്ച് റോജി എം ജോൺ എംഎൽഎയാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. കിഫ്ബി റോഡുകളിൽ ടോൾ കൊണ്ടുവരാനുള്ള നീക്കം സഭയിൽ ഉന്നയിച്ച അദ്ദേഹം കിഫ്ബി ജനങ്ങളുടെ ബാധ്യത ആകുന്നുവെന്നും ആരോപിച്ചു.

കിഫ്ബി പരാജയപ്പെട്ട മാതൃകയാണെന്നു ചൂണ്ടിക്കാണിച്ച റോജി എം. ജോൺ കിഫ്ബി ബാധ്യത ജനങ്ങളുടെ മേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയാണെന്നും ആരോപിച്ചു. കിഫ്ബി പദ്ധതികൾ ഒച്ചിഴയുന്ന വേഗത്തിലാണ് മുന്നോട്ട് പോകുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

എന്നാൽ കിഫ്ബി ടോളിന്റെ കാര്യം പറഞ്ഞ് ആളുകളെ ആശങ്കയിലാക്കേണ്ട കാര്യമില്ലെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ സഭയിൽ പറഞ്ഞു. ദേശീയ പാത വികസനത്തിന് കിഫ്ബിയിൽ നിന്നാണ് പണം നൽകിയതെന്ന് വ്യക്തമാക്കിയ ധനമന്ത്രി കിഫ്ബിയ്ക്ക് വരുമാനദായക പദ്ധതികൾ വേണമെന്നാണ് നിലപാടെന്നും സഭയെ അറിയിച്ചു.

നാഷണൽ ഹൈവേ അതോറിറ്റി എല്ലാ നിർമ്മാണവും ടോൾ പിരിച്ചാണ് ചെയ്യുന്നതെന്നും ധനകാര്യ മന്ത്രി ചൂണ്ടിക്കാണിച്ചു. കിഫ്ബിക്ക് ഡ്രിപ്പ് കൊടുക്കേണ്ട അവസ്ഥയൊന്നുമില്ല. കേന്ദ്രത്തിനൊപ്പം നിലപാടെടുത്ത് കേരളം കൊടുത്ത കേസ് തോൽപ്പിക്കരുത്. ഡ്രിപ്പും ബൂസ്റ്റും കൊടുത്ത് ബിജെപിയെ വളർത്തുന്നത് പ്രതിപക്ഷമാണെന്നും മന്ത്രി വിമർശിച്ചു.

ധനകാര്യ മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അവതരണാനുമതി നിഷേധിക്കുകയായിരുന്നു. ഇതിന് പിന്നാലെ സംസാരിച്ച പ്രതിപക്ഷ നേതാവ് കിഫ്ബിയെ ഓഡിറ്റ് ചെയ്താൽ ഒരു വെള്ളാനയെന്ന് ബോധ്യപ്പെടുമെന്ന് പറഞ്ഞു.

നിയമനവും ശമ്പളവും പരിശോധിക്കപ്പെടണം. കിഫ്ബിയിൽ ഇരുന്ന് ഓരോരുത്തരും എത്ര രൂപയാണ് ശമ്പളം വാങ്ങുന്നത്. കിഫ്ബി സംസ്ഥാനത്തിനും ബജറ്റിനും ബാധ്യത. കിഫ്ബിക്കായി 50 ശതമാനം തുക പ്ലാനിൽ നിന്നും കട്ട് ചെയ്യേണ്ടി വന്നുവെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

കിഫ്ബി പരാജയപ്പെട്ട മോഡലാണ്. കിഫ്ബി ആരുടേയും തറവാട് സ്വത്ത് വിറ്റ പണം അല്ല.

പെട്രോൾ മോട്ടോർ വാഹന സെസ് ആണ് കിഫ്ബിയുടെ അടിസ്ഥാനം. സംസ്ഥാനം ട്രിപ്പിൾ ടാക്സ് പിടിക്കുകയാണ്. ഇന്ധന സെസ്, മോട്ടോർ വാഹന നികുതി എന്നിവയ്ക്ക് പുറമേ ഇപ്പോൾ റോഡ് ടോളിലേക്ക് കടക്കുകയാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

ഇതിന് പിന്നാലെ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

## കിഫ്ബി വെൻറിലേറ്ററിലെന്ന് സതീശൻ; ടോളിന്റെ കാര്യം പറഞ്ഞ് ജനത്തെ ആശങ്കയിലാക്കേണ്ടെന്ന് ധനമന്ത്രി

തിരുവനന്തപുരം: കിഫ്ബിയെ ഓഡിറ്റ് ചെയ്താൽ ഒരു വെള്ളാനയെന്ന് ബോധ്യപ്പെടുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. അത് ഊരേണ്ടത് എപ്പോഴാണെന്ന് ചോദിക്കേണ്ട അവസ്ഥയാണെന്ന് സതീശൻ നിയമസഭയിൽ പറഞ്ഞു.

അടിയന്തര പ്രമേയത്തിന് അവതരാണാനുമതി തേടിയുള്ള നോട്ടീസിന് പിന്നാലെ സഭയിൽ സംസാരിക്കുകയായിരുന്നു സതീശൻ. സംസ്ഥാന ബജറ്റിന്റെ മീതെ കിഫ്ബി ഇന്ന് ബാധ്യത ആയി നിൽക്കുകയാണ്.

എന്നിരുന്നാലും കിഫ്ബി ഭയങ്കര സംഭവമാണെന്ന് വരുത്തി തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കിഫ്ബിയെ ഓഡിറ്റിംഗിൽ നിന്നു ഒഴിവാക്കുന്നു. ഭരണഘടനാവിരുദ്ധമായ ബദൽ സംവിധാനമായി ഇത് മാറി.

കിഫ്ബി പരാജയപ്പെട്ട മോഡലാണ്. കിഫ്ബി ആരുടേയും തറവാട് സ്വത്ത് വിറ്റ പണം അല്ല. പെട്രോൾ മോട്ടോർ വാഹന സെസ് ആണ് കിഫ്ബിയുടെ അടിസ്ഥാനം. സംസ്ഥാനം ട്രിപ്പിൾ ടാക്സ് പിടിക്കുകയാണ്. ഇന്ധന സെസ്, മോട്ടോർ വാഹന നികുതി എന്നിവയ്ക്ക് പുറമേ ഇപ്പോൾ റോഡ് ടോളിലേക്ക് കടക്കുകയാണെന്നും സതീശൻ കുറ്റപ്പെടുത്തി. എന്നാൽ കിഫ്ബി ടോളിന്റെ കാര്യം പറഞ്ഞ് ആളുകളെ ആശങ്കയിലാക്കേണ്ട കാര്യമില്ലെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ സഭയിൽ പറഞ്ഞു. കിഫ്ബി വഴി വരുമാനദായക പദ്ധതികൾ ഇനിയും കൊണ്ടുവരും. കിഫ്ബിക്ക് ഡ്രിപ്പ് കൊടുക്കേണ്ട അവസ്ഥയൊന്നുമില്ല. കേന്ദ്രത്തിനൊപ്പം നിലപാടെടുത്ത് കേരളം കൊടുത്ത കേസ് തോൽപ്പിക്കരുത്. ഡ്രിപ്പും ബൂസ്റ്റും കൊടുത്ത് ബിജെപിയെ വളർത്തുന്നത് പ്രതിപക്ഷമാണെന്നും മന്ത്രി വിമർശിച്ചു.

റോജി എം. ജോൺ ആണ് കിഫ്ബി റോഡുകളിൽ ടോൾ കൊണ്ടുവരാനുള്ള നീക്കം അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിച്ചത്. കിഫ്ബി ജനങ്ങളുടെ ബാധ്യത ആകുന്നുവെന്ന് റോജി ആരോപിച്ചു.

## വിയോജിപ്പുണ്ടായിരുന്നെങ്കിൽ സർക്കാരിനെ അറിയിക്കണമായിരുന്നു ; തമിഴ്നാട് ഗവർണറെ കുടഞ്ഞ് സുപ്രീംകോടതി

ന്യൂഡൽഹി: തമിഴ്നാട് നിയമസഭ പാസാക്കിയ 14 ബില്ലുകളിൽ മൂന്നുവർഷമായി തീരുമാനമെടുക്കാത്ത തമിഴ്നാട് ഗവർണർ ആർ.എൻ. രവിക്കെതിരേ വീണ്ടും സുപ്രീംകോടതിയുടെ വിമർശനം.

നിയമസഭ പാസാക്കിയ ബില്ലുകൾ കേന്ദ്രത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമാണെന്നു സ്വയം ധാരണയുണ്ടാക്കി ബില്ലുകളിൻമേൽ വെറുതെ തീരുമാനമെടുക്കാതിരിക്കാൻ കഴിയുമോയെന്ന് സുപ്രീംകോടതി ചോദിച്ചു.വിയോജിപ്പുണ്ടായിരുന്നെങ്കിൽ അഭിപ്രായം സർക്കാരിനെ അറിയിക്കണമായിരുന്നുവെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി. നിയമസഭ വീണ്ടും പാസാക്കിയ 10 ബില്ലുകൾ രാഷ്ട്രപതിക്ക് അയച്ചത് അതിൻമേൽ അനുമതി നൽകാതിരിക്കാൻ വേണ്ടിയായിരുന്നുവോയെന്നും ഗവർണറുടെ ഈ നടപടി ആർട്ടിക്കിൾ 200ന്റെ വ്യവസ്ഥ മറികടക്കാൻ വേണ്ടിയായിരുന്നുവോയെന്നും മേൽക്കോടതി സംശയം പ്രകടിപ്പിച്ചു.

ആർട്ടിക്കിൾ 200 പ്രകാരം ഗവർണർക്ക് ബില്ലുകളിൻമേൽ ഒന്നുകിൽ അനുമതി നൽകാം, അല്ലെങ്കിൽ പിടിച്ചുവയ്ക്കാം, അതുമല്ലെങ്കിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി വിടാം. എന്നാൽ അനുമതി നൽകാതെ പിടിച്ചുവച്ചതിനു ശേഷം ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു വിടാൻ കഴിയുമോയെന്ന് സുപ്രീംകോടതി ചോദിച്ചു.

കേന്ദ്രനിയമത്തോട് വിരുദ്ധമാണെങ്കിലോ സംസ്ഥാന ഹൈക്കോടതിയുടെ ഭരണഘടനാ അധികാരങ്ങളെ അവഹേളിക്കുകയാണെന്നു തോന്നിയാലോ മാത്രമേ ഗവർണർക്ക് ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് വിടാൻ കഴിയൂവെന്നു തമിഴ്നാട് സർക്കാർ വാദിച്ചു.

സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനമടക്കമുള്ള 12 ബില്ലുകളിലാണ് ഗവർണർ തീരുമാനമെടുക്കാതിരിക്കുന്നത്.ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയെ സമീപിച്ചതിനു പിന്നാലെ ഗവർണർ രണ്ടു ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു വിട്ടു പത്തെണ്ണത്തിൽ തീരുമാനമെടുക്കാതെ പിടിച്ചുവയ്ക്കുകയായിരുന്നു.

പിന്നീട് തമിഴ്നാട് സർക്കാർ നിയമസഭയിൽ പ്രത്യേക സമ്മേളനം കൂടി 10 ബില്ലുകൾ വീണ്ടും പാസാക്കിയെങ്കിലും 10 ബില്ലുകളും ഗവർണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് വിട്ടു. കേസിൽ 10നു വീണ്ടും വാദം കേൾക്കുമെന്ന് സുപ്രീംകോടതി അറിയിച്ചു.

ബില്ലുകൾ പാസാക്കാത്തതു സംബന്ധിച്ച് കേരള ഗവർണറായിരുന്ന ആരിഫ് മുഹമ്മദ് ഖാനെതിരേ കേരള സർക്കാർ നൽകിയിരിക്കുന്ന സമാന ഹർജിയിൽ സുപ്രീംകോടതി മാർച്ചിൽ വാദം കേൾക്കും.

## 'പൊതുവഴികളും നടപ്പാതകളും പ്രതിഷേധത്തിനുള്ളതല്ല': രാഷ്ട്രീയ നേതാക്കൾക്ക് ഹൈക്കോടതിയുടെ രൂക്ഷവിമർശനം

കൊച്ചി: വഴിതടഞ്ഞുള്ള സമരത്തെ തുടർന്നുള്ള കോടതിയലക്ഷ്യക്കേസിൽ ഹാജരായ രാഷ്ട്രീയ നേതാക്കൾക്കെതിരേ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. പൊതുവഴികളും നടപ്പാതകളും പ്രതിഷേധത്തിനുള്ളതല്ലെന്ന് ഹൈക്കോടതി വിമർശിച്ചു.

പൊതുജനങ്ങൾക്ക് നടക്കാനുള്ള വഴിയിൽ സ്റ്റേജ് കെട്ടുന്നത് അനുമതിയില്ലാതെയാണ്. രാഷ്ട്രീയ പാർട്ടികൾ പരിപാടി നടത്തേണ്ടത് പൊതുവഴിയിലല്ലെന്നും നിയമ നടപടികൾ നേരിടേണ്ടി വരുമെന്നും ഹൈക്കോടതി ഓർമിപ്പിച്ചു.

സിപിഎം നേതാക്കളായ എം. വിജയകുമാർ, കടകംപള്ളി സുരേന്ദ്രൻ, വി. കെ. പ്രശാന്ത്, വി. ജോയ്, പന്ന്യൻ രവീന്ദ്രൻ, ബിനോയ് വിശ്വം, കോൺഗ്രസ് നേതാക്കളായ ടി. ജെ. വിനോദ് എംഎൽഎ, ഡൊമിനിക് പ്രസൻറേഷൻ, എറണാകുളം ഡിസിസി പ്രസിഡൻറ് മുഹമ്മദ് ഷിയാസ് എന്നിവരാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ നിർദേശം അനുസരിച്ച് നേരിട്ട് ഹാജരായത്.

എല്ലാവരും നിരുപാധികം മാപ്പപേക്ഷിച്ചു. ചെയ്തത് തെറ്റാണെന്നും ഇനി ഇക്കാര്യം ആവർത്തിക്കില്ലെന്നും നേതാക്കൾ പറഞ്ഞു. നടപ്പാതകൾ പ്രതിഷേധിക്കാനുള്ള ഇടമല്ലെന്ന് പറഞ്ഞ ജസ്റ്റീസുമാരായ അനിൽ നരേന്ദ്രൻ, എസ്. മുരളീകൃഷ്ണ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഇക്കാര്യത്തിൽ മാപ്പപേക്ഷ പോരെന്നും അധിക സത്യവാങ്മൂലം സമർപ്പിക്കണമെന്നും നിർദേശിച്ചു

കേസിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ ഇന്ന് കോടതിയിൽ ഹാജരായില്ല. പകരം മറ്റന്നാൾ വൈകുന്നേരം നാലിന് കോടതിയിൽ ഹാജരാകും.